# കേരളസർവകലാശാല

നം.പി.ആർ.137/2023 തിരുവനന്തപുരം, തീയതി: 07/07/2023

## പത്രക്കുറിപ്പ്

### പി.ജി. 2023 അഡ്മിഷൻ ഒന്നാം ഘട്ടം ജൂലൈ 11 ന് ആരംഭിക്കുന്നു

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്കുള്ള പി.ജി. 2023 അഡ്മിഷൻ ഒന്നാം ഘട്ടം ജൂലൈ 11 നു നടക്കും. മെമ്മോ വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് admissions.keralauniversity.ac.in/css2023 വഴി ലോഗിൻ ചെയ്ത് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### കേരള സർവകലാശാല ബിരുദ പ്രവേശനം സ്പോർട്സ് ക്വാട്ട സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ – സംബന്ധിച്ച്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്നും വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

സർട്ടിഫിക്കറ്റ് റിജക്ടായ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 2023 ജൂലൈ 10 നകം പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിനു ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ് ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (മേഴ്സിചാൻസ് – 2010, 2011 & 2012 അഡ്മിഷൻ) നവംബർ 2022 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2023 ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയിൽ നടത്തിയ ജർമൻ A1, ജർമൻ A2 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ/പുന:പരീക്ഷ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എ

2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 - 2017 അഡ്മിഷൻ) പരീക്ഷകൾ ജൂലൈ 24 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ച് 28 ന് നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ്. (2018 സ്കീം) ഡിഗ്രി പരീക്ഷയുടെ റ്റി.സി.എസ്.3: അഡ്വാൻസ്ഡ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്ന വിഷയത്തിന്റെ പുനഃപരീക്ഷ 2023 ജൂലൈ 13 (വ്യാഴം) ന് 9.30 മുതൽ 12.30 വരെ നടത്തുന്നതാണ്. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

കേരളസർവകലാശാല നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എ സ്സി./ബി.കോം. ജൂലൈ 2023 (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 - 2017 അഡ്മിഷൻ) പരീക്ഷകൾ ജൂലൈ 24 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ജൂലൈ 2023 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ വൈവ-വോസി യുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ജൂലൈ 19 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ./എം. എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ. (ന്യൂജനറേഷൻ കോഴ്സ്) (റെഗുലർ – 2021 അഡ്മിഷൻ & സപ്ലിമെന്ററി – 2020 അഡ്മിഷൻ) ജൂലൈ 2023 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്സി., ബി.കോം., ബി.ബി.എ., ബി.സി.എ., ബി.പി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ., ബി.വോക്. എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി 2018-2019 അഡ്മിഷൻ & മേഴ്സിചാൻസ് 2014 -2017 അഡ്മിഷൻ) ജൂലൈ 2023 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2023 ജൂലൈ 10, 11, 12 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. X (പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:**For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**